REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ഗുജറാത്തിലെ പ്രഭാസ് പടാനിൽ ശൗര്യ യാത്രയിൽ പങ്കെടുക്കും.**
- **ഒരു ദിവസത്തെ കേരള സന്ദർശനത്തിന് ആഭ്യന്തരമന്ത്രി അമിത് ഷാ തിരുവനന്തപുരത്തെത്തി.**
- **സംസ്ഥാനത്തിന്റെ പരിവർത്തനത്തിൽ വിജ്ഞാനകേരളം പദ്ധതിയ്ക്ക് വലിയ സ്ഥാനമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **മകരവിളക്ക് മഹോത്സവത്തിന് രണ്ടുദിനങ്ങൾ മാത്രം ശേഷിക്കെ ശബരിമലയിൽ ഭക്തജനപ്രവാഹം. എരുമേലി പേട്ടതുള്ളൽ ഇന്ന്.**
- **ഇന്ത്യാ - ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം ഉച്ചയ്ക്ക് ഒന്നരയ്ക്ക് ഗുജറാത്തിലെ വഡോദരയിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ഗുജറാത്തിലെ പ്രഭാസ് പടാനിൽ ശൗര്യ യാത്രയിൽ പങ്കെടുക്കും. സോമനാഥ ക്ഷേത്രം സംരക്ഷിക്കുന്നതിന് ജീവൻ ബലിയർപ്പിച്ച യോദ്ധാക്കളെ ആദരിക്കുന്ന ആചാരപരമായ ഘോഷയാത്രയാണ് ശൗര്യ യാത്ര. തുടർന്ന്, സോമനാഥ ക്ഷേത്രത്തിൽ പ്രധാനമന്ത്രി ദർശനവും പൂജയും നടത്തും. പൊതുപരിപാടിയിലും അദ്ദേഹം പങ്കെടുക്കും.

സൗരാഷ്ട്ര-കച്ച് മേഖലയ്ക്കായി രണ്ട് ദിവസത്തെ വൈബ്രന്റ് ഗുജറാത്ത് റീജിയണൽ കോൺഫറൻസ് പ്രധാനമന്ത്രി ഇന്ന് രാജ്കോട്ടിൽ ഉദ്ഘാടനം ചെയ്യും. നവീനാശയക്കാർ, സംരംഭകർ, നിക്ഷേപകർ, സ്റ്റാർട്ടപ്പുകൾ, ആഗോള പങ്കാളികൾ, എന്നിവരെ ഒരുമിച്ച് കൊണ്ടുവരികയാണ് സമ്മേളനത്തിന്റെ ലക്ഷ്യം. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും ചടങ്ങിൽ പങ്കെടുക്കും. 1,500-ലധികം ധാരണാപത്രങ്ങൾ ചടങ്ങിൽ ഒപ്പ് വച്ചേക്കും. അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ, ഓസ്ട്രേലിയ എന്നിവയുൾപ്പെടെ 16 ലധികം രാജ്യങ്ങളെ പ്രതിനിധീകരിച്ച് 110 അന്താരാഷ്ട്ര പ്രതിനിധികൾ പങ്കെടുക്കും.

രാജ്കോട്ടിൽ നിന്ന് അഹമ്മദാബാദിലേക്ക് പോകുന്ന പ്രധാനമന്ത്രി അഹമ്മദാബാദ് മെട്രോയുടെ രണ്ടാം ഘട്ടവും ഉദ്ഘാടനം ചെയ്യും.

✪✪✪

ഒരു ദിവസത്തെ കേരള സന്ദർശനത്തിന് ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്നലെ രാത്രി തിരുവനന്തപുരത്തെത്തി. തിരുവനന്തപുരം വിമാനത്താവളത്തിൽ മേയർ VV രാജേഷും, BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറും മുതിർന്ന പാർട്ടി നേതാക്കളും അമിത്ഷാ യെ സ്വീകരിച്ചു. രാവിലെ ശ്രീപത്മനാഭ സ്വാമി ക്ഷേത്ര ദർശനം നടത്തിയ ശേഷം സംസ്ഥാനത്തെ തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ച BJP പ്രതിനിധികളുടെ സമ്മേളനം കവടിയാർ ഉദയ് പാലസ് കൺവൻഷൻ സെന്ററിൽ ആഭ്യന്തര മന്ത്രി ഉദ്ഘാടനം ചെയ്യും. ഉച്ചക്ക് ശേഷം കേരള കൗമുദി കോൺക്ലേവിനെ അഭിസംബോധന ചെയ്യുന്ന അമിത് ഷാ വൈകിട്ട് അഞ്ചിന് ചേരുന്ന NDA നേതൃയോഗത്തിലും, BJP കോർകമ്മിറ്റി യോഗത്തിലും പങ്കെടുത്ത്, നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകും. രാത്രി ഏഴ്മണിയോടെ ആഭ്യന്തരമന്ത്രി ഡൽഹിക്ക് മടങ്ങും.

✪✪✪

വികസനത്തിന് പണം പ്രശ്നമല്ലെന്നും, സമർപ്പണവും കാര്യക്ഷമതയോട് കൂടിയ നിർവഹണവുമാണ് പ്രധാനമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. ലോക് ഭവനിൽ തിരുവനന്തപുരം നഗരസഭാ കൗൺസിലർമാരുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു ഗവർണർ.

തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിന് ഗവൺമെന്റ് സാമ്പത്തിക സഹായം മാത്രമല്ല, സ്വകാര്യ സ്ഥാപനങ്ങളുടെ പിന്തുണയും വലിയ തോതിൽ ലഭ്യമാക്കാനാകുമെന്ന് അദ്ദേഹം വ്യക്തമാക്കി. നഗരത്തിൽ സമരങ്ങൾ നടത്തുന്നതിന് പ്രത്യേക ഇടം കണ്ടെത്താൻ എല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്നും ഗവർണർ ആവശ്യപ്പെട്ടു.

തിരുവനന്തപുരം നഗരത്തിന്റെ വികസനകാര്യങ്ങളിൽ രാഷ്ട്രീയം പുറത്തുനിർത്തണമെന്നും നഗരസഭാ ഹാളിനുള്ളിൽ കയറിയാൽ രാഷ്ട്രീയം മാറ്റിവെച്ച് ജനനന്മയ്ക്കായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന ചിന്തയാണ് ഓരോ കൗൺസിലർക്കും ഉണ്ടാകേണ്ടതെന്നും അദ്ദേഹം നിർദേശിച്ചു.

✪✪✪

വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് കുതിക്കുന്ന സംസ്ഥാനത്തിന്റെ പരിവർത്തനത്തിൽ വിജ്ഞാനകേരളം പദ്ധതിയ്ക്ക് വലിയ സ്ഥാനമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സാങ്കേതിക സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളുടെ ബാക് ടു കാമ്പസ് നൈപുണി പരിശീലന പദ്ധതി തിരുവനന്തപുരം കനകക്കുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

നമ്മുടെ കാമ്പസുകളിൽ നിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് പഠിച്ച വിഷയത്തിൽ നൈപുണ്യം ഇല്ലാതെ പോകരുതെന്നും മുഖ്യമന്ത്രി പറഞ്ഞു. K-ഡിസ്കിന്റെ നേതൃത്വത്തിൽ വിജ്ഞാനകേരളം നടപ്പാക്കുന്ന ബാക് ടു കാമ്പസ് നൈപുണി പരിശീലന പദ്ധതിയിലൂടെ ഒരു ലക്ഷത്തിൽ അധികം തൊഴിലുകൾ ഇതിനകം കണ്ടെത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി അറിയിച്ചു.

60,000 പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന പ്രവർത്തനമാണ് പദ്ധതി വഴി നടപ്പാക്കുന്നത്. 40,000 പേരാണ് ഇതുവരെ രജിസ്റ്റർ ചെയ്തത്. നിലവിൽ കോഴ്സ് പൂർത്തിയാക്കിവർക്ക് പുറമേ, മുൻവർഷങ്ങളിൽ പഠനം പൂർത്തിയാക്കി തൊഴിൽ തേടുന്നവർക്കും പദ്ധതി നടപ്പാക്കുന്നുണ്ട്.

✪✪✪

കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലെ പ്രത്യേക സംവിധാനമായ പ്രഗതി 50-ാമത് യോഗത്തിന്റെ വിജയകരമായ നടത്തിപ്പിലൂടെ സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ആകാശവാണി തയ്യാറാക്കിയ ഇന്നത്തെ പ്രത്യേക പരമ്പര, റെയിൽവേ മന്ത്രാലയത്തിന്റെ ജബൽപൂർ-ഗോണ്ടിയ ഗേജ് പരിവർത്തന പദ്ധതിയെ കുറിച്ചാണ്.

.......വോയ്സ്.......

285 കിലോമീറ്റർ ദൈർഘ്യമുണ്ട് ജബൽപൂർ-ഗോണ്ടിയ ഗേജ് പരിവർത്തന പദ്ധതിക്ക്. മധ്യേന്ത്യയിൽ റെയിൽശേഷിയും പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് 1,991 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്. ബാലഘട്ട്-കടാംഗി ഭാഗം ഉൾപ്പെടെ നിലവിലെ നാരോ-ഗേജ്

അലൈൻമെന്റുകൾ ബ്രോഡ് ഗേജാക്കി മാറ്റുന്നതും അതുവഴി നിരവധി റെയിൽ ഇടനാഴികൾക്ക് ഒരു ബദൽ പാത സൃഷ്ടിക്കുന്നതുമാണ് ഈ പദ്ധതി.

മധ്യപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളുടെ കാർഷിക ഉൽപാദനത്തിനും, വനാധിഷ്ഠിത പ്രവർത്തനങ്ങൾക്കും, ധാതു നീക്കത്തിനും പദ്ധതി സഹായകരമാകും. പാരിസ്ഥിതികവും ഭൂമി സംബന്ധമായതുമായ തടസ്സങ്ങൾ പദ്ധതിക്ക് നേരിട്ടെങ്കിലും പ്രഗതി വഴി പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചതോടെ പ്രവൃത്തികൾ പുരോഗമിച്ചു. സമയബന്ധിത അനുമതി, ഭൂമി കൈമാറ്റം എന്നിവയ്ക്കൊപ്പം റെയിൽ, റോഡ്, ഹൈവേ പരിസ്ഥിതി, വനം, കാലാവസ്ഥാ മന്ത്രാലയങ്ങളുടെ ഏകോപനം നടത്താൻ പ്രഗതി സഹായിച്ചു.

✪✪✪

സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ മരണത്തെതുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മൂന്ന് തദ്ദേശ ഭരണ വാർഡുകളിലെ വോട്ടെടുപ്പ് നാളെ നടത്തും. തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം, മലപ്പുറം ജില്ലയിലെ മൂത്തേടം - പായിമ്പാടം, എറണാകുളം പാമ്പാക്കുട - ഓണക്കൂർ എന്നീ വാർഡുകളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുന്നത്. രാവിലെ 7ന് ആരംഭിക്കുന്ന വോട്ടെടുപ്പ്, വൈകിട്ട് 6ന് അവസാനിക്കും. വോട്ടെണ്ണൽ 13നാണ്.

✪✪✪

UDF അധികാരത്തിൽ വന്നാൽ ഭരണം ജനങ്ങൾക്ക് വേണ്ടിയായിരിക്കുമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയം നേടിയവർക്ക് UDF കോഴിക്കോട് ജില്ലാ കമ്മിറ്റി മുതലക്കുളം മൈതാനത്ത് ഒരുക്കിയ സ്വീകരണ പരിപാടി 'വിജയാരവം' ഉദ്ഘാടനം ചെയ്യുകയായിരുന്നു KC വേണുഗോപാൽ.

✪✪✪

സംസ്ഥാനത്തെ മാധ്യമങ്ങളെയും ബുദ്ധിജീവികളെയും രാഷ്ട്രീയ പാർട്ടികൾ വരുതിയിൽ നിർത്തിയിരിക്കുകയാണെന്ന് എഴുത്തുകാരൻ സക്കറിയ പറഞ്ഞു. വടകരയിൽ കടത്തനാട് ലിറ്ററേച്ചർ ഫെസ്റ്റിവെലിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പക്ഷം പിടിച്ച് ചിന്തിക്കുന്ന ബുദ്ധിശൂന്യരായി മാറിയ മലയാളി ജനാധിപത്യത്തിൽ ജനങ്ങളാണ് വലുത് എന്ന കാര്യം മറക്കുകയാണെന്ന് പറഞ്ഞ സക്കറിയ മാധ്യമങ്ങൾ ജനപ്രതിനിധികൾക്ക് വേണ്ടി വിഗ്രഹങ്ങളെ നിർമ്മിക്കുകയാണെന്നും കുറ്റപ്പെടുത്തി. മനുഷ്യരുടെ മനസ്സിനെ രാഷ്ട്രീയ പാർട്ടികൾ മാധ്യമങ്ങൾക്കൊപ്പം വന്ന് കവർന്നെടുത്തതായും സക്കറിയ പറഞ്ഞു.

✪✪✪

ബലാത്സംഗ പരാതിയിൽ പാലക്കാട് MLA രാഹുൽ മാങ്കൂട്ടത്തിലിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇന്നലെ രാത്രി 12.30 ഓടെ രാഹുൽ താമസിച്ച ഹോട്ടലിൽ നിന്നാണ് കസ്റ്റഡിയിൽ എടുത്തത്. E-മെയിലിൽ ലഭിച്ച പുതിയ പരാതിയിലാണ് നടപടിയെന്നാണ് പൊലീസ് നൽകുന്ന സൂചന. നേരത്തെ രണ്ട് കേസുകളിൽ, കോടതി രാഹുലിന് മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

✪✪✪

ക്വാണ്ടം സയൻസ് ശതാബ്ദി പ്രദർശനം നാളെ കണ്ണൂരിൽ ആരംഭിക്കും. കൃഷ്ണ മേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജിലാണ് ശാസ്ത്രപ്രദർശനം ഒരുക്കിയിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ ....

.........വോയ്സ്.......

ഒരു നൂറ്റാണ്ട് ലോകത്തെയും പ്രപഞ്ച വിജ്ഞാനത്തെയും മാറ്റിമറിച്ച ക്വാണ്ടം സയൻസ് വിദ്യാർത്ഥികളെയും പൊതു ജനങ്ങളെയും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്ര സംഘടനയാണ് ക്വാണ്ടം ശതാബ്ദി വർഷമായി പ്രഖ്യാപിച്ചത്.

സംസ്ഥാനത്തുടനീളം നടക്കുന്ന ക്വാണ്ടം പൂച്ചയുടെ കേരള പര്യടനം പരിപാടിയിൽ ഏഴാമത്തെ പ്രദർശനമാണ് കണ്ണൂരിൽ നടക്കുന്നത്

ശാസ്ത്ര തത്വങ്ങൾ ലളിതമായി മനസ്സിലാക്കുന്നതിന് ഉള്ള ആക്ടിവിറ്റി സെന്റർ മേഖലയുടെ പ്രധാന ആകർഷണമാണ് ഗാസായുദ്ധ ഭൂമിയിൽ സേവനമനുഷ്ഠിച്ച ഡോക്ടർ എസ് എസ് സന്തോഷ് കുമാറിന്റെ ഫോട്ടോ പ്രദർശനം മേളയോട് അനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നുമായി 7000ത്തിലധികം വിദ്യാർഥികൾ പ്രദർശനത്തിൽ പങ്കെടുക്കുമെന്ന് കെ വി സുമേഷ് എംഎൽഎ അറിയിച്ചു

ഇതോടനുബന്ധിച്ച് കൃഷ്ണമനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജിന്റെ സുവർണ്ണ ജൂബിലി ഫെസ്റ്റും നടക്കുന്നുണ്ട്

✪✪✪

മകരവിളക്ക് മഹോത്സവത്തിന് രണ്ടുദിനങ്ങൾ മാത്രം ശേഷിക്കെ ശബരിമലയിൽ ഭക്തജനപ്രവാഹം. പ്രസിദ്ധമായ എരുമേലി പേട്ടതുള്ളൽ ഇന്നാണ്.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി എസ് ശ്രീധർ

..........വോയ്സ്.......

സന്നിധാനത്ത് മകരവിളക്ക് മഹോത്സവത്തിനു രണ്ടുദിനങ്ങൾ മാത്രം ബാക്കി നിൽക്കേ വലിയതിരക്കാണ് അനുഭവപ്പെടുന്നത്. സന്നിധാനത്തും പരിസരപ്രദേശങ്ങളിലും മകരജ്യോതി ദർശനത്തിനായി തമ്പടിക്കുന്ന ഭക്തർക്കായി സുരക്ഷ,കുടിവെള്ളവും ഭക്ഷണവും,വെളിച്ചം തുടങ്ങിയവ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ദേവസ്വംബോർഡിന്റേയും വിവിധ വകുപ്പുകളുടെയുംനേതൃത്വത്തിൽ പുരോഗമിക്കുകയാണ്. മകരവിളക്കുകാലത്തെ പ്രധാന ചടങ്ങുകൾ ഇന്ന് എരുമേലി പേട്ടതുള്ളലോടെ ആരംഭിക്കും. രാവിലെ അമ്പലപ്പുഴ സംഘത്തിന്റേയും ഉച്ചയ്ക്ക് ആലങ്ങാട്ട് സംഘത്തിന്റെയും പേട്ടതുള്ളൽ നടക്കും. തിരുവാഭരണ ഘോഷയാത്ര നാളെ ഉച്ചയ്ക്ക് പന്തളത്തുനിന്നും സന്നിധാനത്തേയ്ക്ക് തിരിക്കും.

ശുദ്ധിക്രിയകൾക്ക് സന്നിധാനത്ത് നാളെ തുടക്കമാകും.

തിരക്ക് നിയന്ത്രണത്തിന്റെ ഭാഗമായി ഹൈക്കോടതി 13ന് 40000 പേർക്കും 14 ന് 35000 പേർക്കും ദർശനം അനുവദിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.തിരുവാഭരണഘോഷയാത്ര പമ്പയിലെത്തുന്ന മകരവിളക്ക് ദിനമായ 14 ന് രാവിലെ 10 നുശേഷം നിലയ്ക്കലിൽനിന്ന് പമ്പയിലേയ്ക്കും 11 നുശേഷം പമ്പയിൽനിന്ന് സന്നിധാനത്തേയ്ക്കും ഭക്തരെ പ്രവേശിപ്പിക്കാൻ പാടില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.

✪✪✪

ഇന്ത്യാ - ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം ഇന്ന് ഗുജറാത്തിലെ വഡോദരയിൽ ആരംഭിക്കും. ബറോഡ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് മത്സരം. ട്വന്റി -20 ലോകകപ്പിനും IPL നും മുൻപ്, ഇന്ത്യയുടെ അവസാന ഏകദിന പരമ്പരയാണിത്. മുതിർന്ന താരങ്ങളായ വിരാട് കോലിയും, രോഹിത് ശർമയും തിരിച്ചെത്തിയത് ടീമിന് ആത്മവിശ്വാസം നൽകും. രണ്ടാം ഏകദിനം ബുധനാഴ്ച രാജ്കോട്ടിലെ നിരഞ്ജൻഷാ സ്റ്റേഡിയത്തിലും മൂന്നാമത്തെയും അവസാനത്തേയും മത്സരം ഈ മാസം 18ന് ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിലുമാണ്.

✪✪✪

വനിതാ ഹോക്കി ഇന്ത്യ ലീഗ് 2025-26 ടൂർണമെന്റിൽ എസ്.ജി പൈപ്പേഴ്സ് കിരീടം നേടി. റാഞ്ചിയിലെ ഷൂട്ടൗട്ടിൽ ഷ്രാച്ചി ബംഗാൾ ടൈഗേഴ്സിനെ 3-2നാണ് എസ്ജി പൈപ്പേഴ്സ് തോൽപ്പിച്ചത്.

✪✪✪

ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ 'യുവ ആപ്ദ മിത്ര' പദ്ധതിയുടെ ഭാഗമായി NSS വളണ്ടിയർമാർക്കായി സംഘടിപ്പിക്കുന്ന പ്രത്യേക ദുരന്തനിവാരണ പരിശീലന പരിപാടിക്ക് കോഴിക്കോട്ട് തുടക്കമായി. എരഞ്ഞിപ്പാലം നവജ്യോതി റിനീവൽ സെന്ററിൽ ആരംഭിച്ച പരിശീലനം കോർപറേഷൻ മേയർ ഒ സദാശിവൻ ഉദ്ഘാടനം ചെയ്തു.

✪✪✪

കൊല്ലം ആശ്രാമം ESI മോഡൽ & സൂപ്പർ സെപ്ഷ്യാലിറ്റി ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുമെന്ന് NK പ്രേമചന്ദ്രൻ MP അറിയിച്ചു. ഡോക്ടർമാരുടെയും ജീവനക്കാരുടെയും നിയമനം നടത്താൻ നിർദ്ദേശം നൽകിയതായി ESI ഡയറക്ടർ ജനറൽ അശോക് കുമാർ സിംഗ്, രേഖാമൂലം അറിയിച്ചതായി പ്രേമചന്ദ്രൻ പറഞ്ഞു.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: സബിത കെ*
*NRTs: രജ്ന കെ*
*DEO : സി കെ സുബോധ്*